"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ പുന്നപ്രവടക്ക് ഗ്രാമ പഞ്ചായത്തിൽ ദിവസവേതനത്തിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്ത് വന്നിരുന്ന ശ്രീമതി. എ.ശ്യാമളയെ പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 03.10.2001 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1225/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/06/2021

പരാമർശം:- 1 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.04.2018 ലെ OA (Ekm) 2389/2017 നം. ഉത്തരവ്

2 പഞ്ചായത്ത് ഡയറക്ടറുടെ 21.08.2014 ലെ ഇ9-34800/14, 04.05.2018 ലെ ഇ9-38311/17 നമ്പർ കത്തുകൾ

3 സ.ഉ (സാധാ) 105/2019/തസ്വഭവ തീയതി 19.01.2019.

4 ബഹു. കേരള ഹൈക്കോടതിയുടെ 09.03.2021 ലെ O.P.(KAT) No. 261 of 2019 & 152/2020 നം. വിധിന്യായം.

ഉത്തരവ്

1. ആലപ്പുഴ ജില്ലയിലെ പുന്നപ്രവടക്ക് ഗ്രാമ പഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പർ ആയി ജോലി ചെയ്ത് വരുന്ന ശ്രീമതി. എ.ശ്യാമളയെ സ്ഥിരപ്പെടുത്തുന്നതിനായി ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (Ekm) 2389/2017 നം. അപേക്ഷയിൽ ബഹു. ട്രൈബ്യൂണൽ പരാമർശം ( 1 ) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് അപേക്ഷകയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ 3-ാം കക്ഷിയായ ഗ്രാമപഞ്ചായത്ത് 2-ാം കക്ഷിയായ പഞ്ചായത്ത് ഡയറക്ടർ മുഖേന 1-ാം കക്ഷിയായ സർക്കാരിൽ ലഭ്യമാക്കാനും പ്രസ്തുത പ്രൊപ്പോസലിൻമേൽ സർക്കാർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നിർദേശിച്ചു. പരാമർശം (2) ലെ കത്തുകൾ പ്രകാരം ശ്രീമതി. എ.ശ്യാമളയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി. പൊതുമാർക്കറ്റ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ വൃത്തിയാക്കുന്നതിനാണ് ശ്രീമതി. എ.ശ്യാമളയെ പഞ്ചായത്ത് നിയോഗിച്ചിരുന്നത്. പൊതുമാർക്കറ്റ്, കമ്മ്യൂണിറ്റി ഹാൾ മുതലായവ വൃത്തിയാക്കുന്ന സ്വീപ്പർമാർ 25/11/2005 തീയതിയിലെ സ. ഉ (പി) നം.501/2005/ധന, 09/02/2010 തീയതിയിലെ സ. ഉ (പി) നം. 61/2010/ധന എന്നീ ഉത്തരവുകളിലെ നിബന്ധനകൾ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരല്ല. പ്രസ്തുത സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രവടക്ക് ഗ്രാമ പഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പർ ആയി ജോലി ചെയ്ത് വന്നിരുന്ന ശ്രീമതി. എ.ശ്യാമളയെ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് പരാമർശം (3) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

2. പരാതിക്കാരി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ വീണ്ടും സമീപിച്ചതിനെ തുടർന്ന് 25/11/2005 തീയതിയിലെ സ. ഉ (പി) നം.501/2005/ധന പ്രകാരം ടി പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ അധിക തസ്തികയ്ക്ക് അർഹതയുള്ളതായും പരാതിക്കാരിക്ക് ടി തസ്തികയിൽ സ്ഥിരപ്പെടുത്തലിന് യോഗ്യതയുണ്ടെന്നുമുള്ള ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) ലെ ഉത്തരവിലെ പ്രസ്താവനയ്ക്ക് വിരുദ്ധമാണ് മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് എന്ന് ബഹു. ട്രൈബ്യൂണൽ നിരീക്ഷിച്ചു. തുടർന്ന് ബഹു. കേരള ഹൈക്കോടതിയിൽ സർക്കാർ ഫയൽ ചെയ്ത

OP(KAT) 261/2019 നം. ഹർജിയിലും പരാതിക്കാരി ഫയൽ ചെയ്ത് OP(KAT) 152/2020 നം. ഹർജിയിലും പരാമർശം (4) പ്രകാരം താഴെ പറയും പ്രകാരം പൊതു വിധിന്യായം പുറപ്പെടുവിച്ചു.

" ......... In the light of the above discussions, O.P.(KAT)No. 261 of 2019 filed by the State of Kerala and another stands dismissed. The Government order G.O.(MS)No.105.2019/LSGD dated 19.01.2019, produced as Ext.P7 in O.P.(KAT)No.261 of 2019 issued in purported compliance with directions issued by the Tribunal on 04.04.2018, is quashed. O.P.(KAT) No.152 of 2020 is disposed of directing respondents 1 and 2 to reconsider the proposal Ext.P6 (produced along with O.P.(KAT)No.261 of 2019), already submitted by the 3rd respondent, and take immediate steps to regularise the applicant (petitioner in O.P.(KAT) 152 of 2020) as part time sweeper with effect from 03.10.2001 and disburse the arrears of pay due to the applicant immediately. The respondents 1 to 3 will pass final orders and make consequential payments within a period of 2 months from the date of receipt of a dertified copy of this judgment.The order of the Tribunal stands modified to the above extent.The parties wiill bear their respective costs "

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ പുന്നപ്രവടക്ക് ഗ്രാമ പഞ്ചായത്തിൽ ദിവസവേതനത്തിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്ത് വന്നിരുന്ന ശ്രീമതി. എ.ശ്യാമളയെ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 03.10.2001 മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിക്കൊണ്ടും ടി തീയതി മുതൽ അർഹമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (1), (4) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ബഹു. കേരളാ ഹൈക്കോടതിയുടെയും ഉത്തരവും വിധിന്യായവും ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

ശ്രീമതി. എ.ശ്യാമള, പാർട്ട് ടൈം സ്വീപ്പർ, പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്ത്

(സെക്രട്ടറി, പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്ത്മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.

സെക്രട്ടറി,പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/169/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ